പരിസരമലിനീകരണത്തിന് കാരണമാകുന്നതായി ആക്ഷേപമുണ്ട്. കേരളം എക്കാലത്തും കടലാസ്സിന് മററു സ്റ്റേററുകളെ ആശ്രയിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു.

ധാരാളം വനസമ്പത്തുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കടലാസ്സുമില്ലുകൾ സ്ഥാപിക്കാൻ ഇനിയും സാദ്ധ്യതയുണ്ട്. ഇവിടെ കല്ക്കരിക്കുപകരം എണ്ണ കത്തിച്ച് കടലാസ്നിർമ്മാണത്തിനാവശ്യമായ വിദ്യുച്ഛക്തി ഉൽപാദിപ്പിക്കുകയുമാവാം. പക്ഷേ, നാഗാലാൻഡിൽ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾത്തന്നെയുള്ള കടലാസ്സുമില്ലിൽ ഉൽപാദനക്കഴിവിന്റെ അഞ്ചിലൊന്നുപോലും ഉപയോഗപ്പെടുത്തിവരുന്നില്ല. നൗഗോങ്ങ്, കച്ചാർ എന്നിവിടങ്ങളിലുള്ള ഫാക്ടറികളുടെ സ്ഥിതിയും ഇതുതന്നെയാണ്.

ആൻഡമാൻ—നിക്കോബാർ ദ്വീപുകളിൽനിന്ന് മരത്തടി വരുത്തി കടലാസ്സാക്കിമാററാൻ ആന്ധ്രാപ്രദേശ് ഗവണ്മെന്റ് ആലോചിക്കുന്നുണ്ടത്രെ. ധാരാളം വനസമ്പത്തുള്ള മലേഷ്യ, സാറവാക്ക്, ബ്രൂണൈ മുതലായ രാജ്യങ്ങളിൽ, അവിടങ്ങളിലെ സർക്കാരുകളുമായി സഹകരിച്ച് കടലാസ്സുമില്ലുകൾ സ്ഥാപിക്കാൻ ഇന്ത്യാഗവണ്മെന്റിനെ വിദഗ്ദ്ധന്മാർ ഉപദേശിക്കുന്നുണ്ട്. ഇവിടെ ഉൽപാദിപ്പിക്കുന്ന പൾപ്പ് ഇന്ത്യയിൽ കൊണ്ടുവന്ന് കടലാസ്സാക്കാനാണ് നിർദ്ദേശം. ഇന്ത്യയിൽ കടലാസാവശ്യം ഇവിടത്തെ വനവിഭവങ്ങളെമാത്രം ആശ്രയിച്ച് നിറവേററുക സാദ്ധ്യമല്ലെന്ന കാര്യത്തിൽ എല്ലാവരും പൊതുവെ യോജിക്കുന്നു.

ഒരിക്കൽ ഉപയോഗിച്ചുകഴിഞ്ഞ കടലാസ്, മഷിയും മാലിന്യങ്ങളും കഴുകിക്കളഞ്ഞ്, പൾപ്പാക്കി, വീണ്ടും ഉപയോഗിക്കാവുന്നതാണ്. സമ്പന്നരാജ്യങ്ങൾ ചെയ്യുന്നത് അതാണ്. കടലാസ്സിന് ക്ഷാമമുള്ള ഇന്ത്യയിൽ ആണ്ടുതോറും വളരെയധികം കടലാസ് കത്തിച്ചും മററും നഷ്ടപ്പെടുത്തുന്നുണ്ട് എന്നത് ഒരു വിരോധാഭാസമായിത്തോന്നാം. ഉള്ള വിഭവങ്ങൾ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തായ്ക ആണല്ലോ ദാരിദ്ര്യത്തിന്റെ ഒരു രൂപം.

ഏതായാലും, കടലാസ്സിന്റെ ദൗർലഭ്യം ഇന്ത്യയിൽ അടുത്തൊന്നും തീരുന്ന മട്ടില്ല. ഉള്ള കടലാസ്സിന്റെ വിലയും ഏറിയേറിവരാനേ സാദ്ധ്യത കാണുന്നുള്ളു. ദുർലഭവും വിലകൂടിയതുമായ ഈ വസ്തു പരമാവധി പ്രയോജനപ്പെടുമാറ് ഉപയോഗിക്കുന്നതെങ്ങനെ എന്ന് എല്ലാവരും ആലോചിച്ചാൽ കൊള്ളാം. 'യാത്ര ചുരുക്കുക' എന്ന മുദ്രാവാക്യംപോലെ 'എഴുത്തു ചുരുക്കുക' എന്ന മുദ്രാവാക്യം അടുത്തകാലത്തുതന്നെ ഇന്ത്യയിൽ സാർവത്രികമായിക്കൂടെന്നില്ല.

(8 ഏപ്രിൽ, 1985)

# 41. സാഹിത്യവും സർക്കാർ പ്രോൽസാഹനവും

പ്രതിഭാപ്രവർത്തനം അനന്യപരതന്ത്രമാണെന്നത്രെ പൊതുധാരണ. അതിനാൽ, എഴുത്തുകാരൻ ശമ്പളക്കാരൻകൂടിയാവുമ്പോൾ എഴുത്തു സംശയദത്തോടെ വീക്ഷിക്കപ്പെടുന്നു. ശമ്പളക്കാരനായ എഴുത്തുകാരൻ സത്യമെന്ന നിലയിൽ അവതരിപ്പിക്കുന്നത് തനിക്കു ശമ്പളം തരുന്ന വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ നിക്ഷിപ്ത താല്പര്യമായിരിക്കാൻ സാദ്ധ്യത

യുണ്ടല്ലോ. അതേസമയം, സർക്കാർ, സർവകലാശാല മുതലായ ചില സ്ഥാപനങ്ങളുടെ ശമ്പളം പററുന്ന എഴുത്തുകാരന്റെ വിശ്വാസ്യത ചോദ്യംചെയ്യപ്പെടുന്നുമില്ല. എഴുത്തല്ലാതെ വേറെ ചില സേവനങ്ങൾ പ്രതീക്ഷിച്ചാണല്ലോ ഇത്തരം സ്ഥാപനങ്ങൾ ശമ്പളം നൽകുന്നതു്. എഴുത്തു് എന്ന സേവനത്തിനുവേണ്ടി നൽകപ്പെടുന്ന ശമ്പളത്തിന്റെ കാര്യം, പക്ഷേ, വ്യത്യസ്തമാണു്. എഴുത്തിന്റെ പേരിൽ ശമ്പളം വാങ്ങുന്ന ആൾ 'കൂലിയെഴുത്തുകാരൻ' ആയിത്തീരുന്നു. 'ചോററുപട്ടാളക്കാരൻ' എന്നതിനേക്കാൾ അപമാനകരമായാണു് 'കൂലിയെഴുത്തുകാരൻ' എന്ന വിശേഷണം കരുതപ്പെടുന്നതു്.

'ശമ്പളം' എന്ന പേരിൽ കിട്ടുന്ന പ്രതിമാസക്കൂലി മാത്രമേ എഴുത്തുകാരന്റെമേൽ എന്തെങ്കിലും പാരതന്ത്ര്യം ചുമത്തുന്നതായി കരുതപ്പെടുന്നുള്ളു. ആനുകാലികങ്ങളിൽനിന്നു പ്രതിഫലമായും പ്രസിദ്ധീകരണശാലകളിൽനിന്നു റോയൽററിയായും എത്ര കൂടുതൽ പണം എഴുത്തുകാരൻ നേടുന്നുവോ, അത്ര കൂടുതൽ ബഹുമാന്യത അയാൾക്കു കൈവരുന്നു. പ്രതിഫലവും റോയൽററിയും മുൻകൂറായി വാങ്ങിയാലും ഒരാൾ 'കൂലിയെഴുത്തുകാര'നായി ഗണിക്കപ്പെടുകയില്ല. അതൊന്നും 'കൂലി'യല്ല; ആണെങ്കിൽത്തന്നെ ഈ കൂലി സാഹിത്യകാരന്റെ സർഗചേതനയുടെ സർവതന്ത്രസ്വാതന്ത്ര്യത്തിനു് ഏതെങ്കിലുംവിധത്തിൽ ഹാനി ചേർക്കുന്നുമില്ല!

മാസശമ്പളത്തോളമില്ലെങ്കിലും, പ്രതിലോപ്രവർത്തനത്തിന്റെ ബഹുമാന്യത ഒട്ടാകെ നഷ്ടപ്പെടുത്തുന്നവയാണു് സർക്കാരും സർക്കാർ സ്ഥാപിച്ച അക്കാദമികളും തുല്യസംഘടനകളും നൽകുന്ന അവാർഡുകൾ എന്ന ധാരണയും നിലവിലുണ്ടു്. കിട്ടിയ അവാർഡുകൾ നിരസിക്കാൻ 'ധൈര്യം' കാണിച്ച എഴുത്തുകാർ തല്ക്കാലത്തേക്കെങ്കിലും 'വീരനായകന്മാർ' ആയിത്തീരാറുണ്ടു്. നിരസിക്കപ്പെട്ട സമ്മാനത്തുകയുടെ വലുപ്പം ഏറുന്ന തോതിനു നിരസിച്ച എഴുത്തുകാരുടെ 'വീര്യ'വും ഉയരുന്നു.

ഓരോ ആണ്ടിലും ഇന്ത്യയിലെ പ്രാദേശിക ഭാഷകളിലുള്ള സാഹിത്യകൃതികൾക്കു ദേശീയ സമ്മാനങ്ങൾ കേന്ദ്രസാഹിത്യ അക്കാദമി പ്രഖ്യാപിക്കുന്നതോടെ, സർഗപ്രതിഭയുടെമേൽ സമ്മാനങ്ങൾ (അവാർഡുകൾ) ചുമത്തുന്ന പാരതന്ത്ര്യത്തെപ്പററിയുള്ള ചർച്ചകൾ ആവർത്തിക്കപ്പെടുന്നു. ചോദ്യം മറെറാരു രൂപത്തിലുമാവാം; സാഹിത്യപോഷണത്തിന്റെപേരിലുള്ള പൊതുമുതലിന്റെ ഈ വ്യയം സാധൂകരിക്കപ്പെടാവുന്നതാണോ? യഥാർത്ഥത്തിൽ സാഹിത്യപോഷണത്തിനു് ഈ സമ്മാനങ്ങൾ ഏതെങ്കിലുംവിധത്തിൽ പ്രയോജനപ്പെടുന്നുണ്ടോ? ഏതാനും പൊങ്ങച്ചങ്ങളെ തത്ക്കാലമൊന്നു് ഇക്കിളിപ്പെടുത്തുക മാത്രമല്ലേ, ഇവ ചെയ്യുന്നുള്ളു?

ബഹുജനങ്ങൾ ഈ ചോദ്യങ്ങൾക്കു നൽകുന്ന ഉത്തരം എന്തായാലും, കേന്ദ്രസാഹിത്യ അക്കാദമി 1984–ൽ നൽകിയ ദേശീയ സമ്മാനങ്ങൾ ഏററുവാങ്ങുവാനായി 1985 ഫെബ്രുവരി അവസാനവാരത്തിൽ ദില്ലിയിലെത്തിച്ചേർന്ന വ്യത്യസ്ത ഭാരതീയ ഭാഷകളിലെ എഴുത്തുകാർക്കു സമ്മാനവ്യവസ്ഥ നല്ലതാണെന്ന അഭിപ്രായമാണു് പൊതുവെ ഉണ്ടായിരുന്നതു്. സമ്മാനം നൽകുന്നതിനു പുറമേ, സാഹിത്യപോഷണത്തിനുവേണ്ടി ചെയ്യാവുന്ന മററു പലതും സർക്കാർ ചെയ്യുന്നില്ലല്ലോ എന്നതിലായിരുന്നു അവരുടെ കണ്ണിതം.

സർക്കാർ എന്തു ചെയ്യണമെന്നല്ലേ? എഴുതിയ പുസ്തകങ്ങൾ ഉടനുടൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നില്ലെന്നതും, പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങൾ ഉടനുടൻ വിററഴിയുന്നില്ലെന്നതുമാണു് ഇന്ത്യൻ എഴുത്തുകാരുടെ മുമ്പിലുള്ള രണ്ടു വലിയ പ്രശ്നങ്ങൾ. അതിനാൽ, പുസ്തകം അച്ചടിപ്പിക്കുന്നതിനു് എഴുത്തുകാർക്കു സർക്കാർ സഹായധനം നൽ

കണം. അച്ചടിച്ച പുസ്തകങ്ങൾ സർക്കാർ വിലയ്ക്കു വാങ്ങുകയും വേണം. ഈ ആനുകൂല്യം, അക്കാദമി അവാർഡുകൾ നേടുന്നവർക്കു മാത്രമായി പരിമിതപ്പെടുത്തണമെന്ന ശാഠ്യമൊന്നും സമ്മാനിതർക്കില്ല. എല്ലാ എഴുത്തുകാർക്കും ഈ സഹായം സർക്കാരിൽനിന്നു ലഭിക്കണമെന്നായിരുന്നുവത്രെ അക്കാദമി സമ്മാനിതരുടെ പൊതുവായ അഭിപ്രായം.

ഇതൊരു പുതിയ നിർദ്ദേശമല്ലെന്ന്, ഈയാണ്ടിൽ ദേശീയസമ്മാനം നേടിയ ബംഗാളി സാഹിത്യകാരനായ ശ്രീ സമരേശ് മജ്ജുംദാർ—സമ്മാനിതരായ ഇരുപത്തിരണ്ട് എഴുത്തുകാരിൽ ഏററവും പ്രായംകുറഞ്ഞയാൾ ഇദ്ദേഹമായിരുന്നു—ചൂണ്ടിക്കാട്ടി. സർക്കാർ അംഗീകരിച്ച ഒരു കൃതിയുടെ പ്രകാശനച്ചെലവിന്റെ എഴുപത്തഞ്ചു ശതമാനം എഴുത്തുകാരന് സഹായധനമായി നൽകാനുള്ള ഒരു പദ്ധതി പടിഞ്ഞാറെ ബംഗാളിൽ ഇപ്പോൾത്തന്നെ നിലവിലുണ്ട്. പല എഴുത്തുകാർക്കും ഈ പദ്ധതി ഉപകരിച്ചിട്ടുമുണ്ട്. മററു ഗവണ്മെൻറുകളും എന്തുകൊണ്ട് ഇത്തരം ചില പദ്ധതികൾ ആരംഭിക്കുന്നില്ല എന്നായിരുന്നു ശ്രീ മജ്ജുംദാറിന്റെ ചോദ്യം.

മററു ഗവണ്മെൻറുകൾക്കും ഉണ്ടായിരിക്കണം ഇമ്മാതിരി ചില സഹായപദ്ധതികൾ. ഉദാഹരണത്തിന്, ഇരുചെവി അറിയാതെ എഴുത്തുകാർക്കു സഹായധനം ആണ്ടുതോറും നൽകുന്നതിനു കുറേപ്പണം കേരളത്തിലെ വിദ്യാഭ്യാസമന്ത്രിയുടെ നിയന്ത്രണത്തിലുണ്ട്. പ്രയാസം പദ്ധതിയില്ലായ്മയല്ല, പദ്ധതി നടപ്പിലാക്കുന്നത് എന്തടിസ്ഥാനത്തിലാവണം? അഥവാ, പദ്ധതി നടപ്പിലാക്കുന്നതിലൂടെ, ആശ്രിതപോഷണമോ സാഹിത്യപോഷണമോ ഏതാണ് നിർവഹിക്കപ്പെടുന്നത്? മറെറാരു വിധത്തിൽ പറഞ്ഞാൽ, പാർട്ടി—മത—ജാതി—പ്രാദേശിക—സ്വജന പരിഗണനകൾ കൂടാതെ, സാഹിത്യപോഷണമെന്ന സാമാന്യലക്ഷ്യം മാത്രം മുൻനിർത്തി, ഇമ്മാതിരി പദ്ധതികൾ നടപ്പിൽ വരുത്താൻ നമ്മുടെ ഇന്നത്തെ ജനാധിപത്യവ്യവസ്ഥിതിയിൽ സാദ്ധ്യമാണോ?

പുസ്തകപ്രകാശനച്ചെലവ് സർക്കാരിൽനിന്നു സൗജന്യമായി വകവെച്ചു കിട്ടിയാൽത്തന്നെ എഴുത്തുകാരന്റെ പ്രശ്നം പരിഹരിക്കപ്പെടുമോ? അച്ചടിച്ച പുസ്തകങ്ങൾ വിൽക്കുകയും വേണ്ടേ? ബംഗാളിലെ സ്ഥിതി എന്താണ്? ശ്രീ സമരേശ് മജ്ജുംദാർ പറയുന്നു: 'സർക്കാരിന്റെ സഹായധനം നേടിയ ഫിലിമുകളുടെ ദുഃസ്ഥിതിതന്നെയാണ് സർക്കാരിന്റെ സഹായത്തോടെ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾക്കും. ഫിലിമുകൾക്കു പ്രദർശനസൗകര്യങ്ങളില്ല; പുസ്തകങ്ങൾക്കു വില്പനസൗകര്യങ്ങളുമില്ല. ഫലമോ? അച്ചടിച്ച പുസ്തകങ്ങൾ വിൽക്കാതെ കെട്ടിക്കിടക്കുന്നു. എന്നാലും പുസ്തകം അച്ചടിച്ചുവെച്ച ആശ്വാസം എഴുത്തുകാരനുണ്ടല്ലോ. അതിനാൽ സഹായപദ്ധതി നല്ലതുതന്നെ!'

എഴുത്തുകാരല്ലാതെയുമുണ്ടല്ലോ ഈ നാട്ടിൽ വളരെയധികം പൗരന്മാർ. വിൽക്കാത്ത പുസ്തകം അച്ചടിക്കാൻ സർക്കാർ പിരിച്ചെടുത്ത നികുതിപ്പണം ചെലവഴിക്കുന്നതിനെപ്പററി ഈ പൗരന്മാർ എന്തായിരിക്കാം പറയുക?

സത്സാഹിത്യപോഷണത്തിനു സർക്കാരിന്റെ സഹായം ലഭ്യമായിരുന്നിട്ടും, സമകാലബംഗാളി സാഹിത്യത്തിന്റെ സ്ഥിതി ശോഭനമല്ല എന്നാണ് ശ്രീ മജ്ജുംദാറിന്റെ അഭിപ്രായം. ഇക്കഴിഞ്ഞ കാൽനൂററാണ്ടിനുള്ളിൽ ശ്രദ്ധേയരായ മൂന്നോ നാലോ യുവസാഹിത്യകാരന്മാർ മാത്രമേ ബംഗാളിൽ ഉയർന്നുവന്നിട്ടുള്ളൂ. ആയിരത്തിത്തൊള്ളായിരത്തി അറുപതുകൾക്കുശേഷം ബംഗാളിസാഹിത്യത്തിൽ പൊതുവെ,

ക്ഷാമകാലാവസ്ഥയാണെന്നും, ഗൗരവമുള്ള സാഹിത്യത്തിനു വേണ്ടത്ര വായനക്കാർ ഇല്ലാത്തതാണ് ഈ ദുഃസ്ഥിതിക്കു കാരണമെന്നും ശ്രീ മജുംദാർ കരുതുന്നു.

ഉർദുസാഹിത്യത്തിന്റെ സ്ഥിതി ബംഗാളിസാഹിത്യത്തിന്റെതിനേക്കാൾ കഷ്ടമാണെന്ന്, ഉർദുവിൽ ദേശീയസമ്മാനം നേടിയ മി. മസൂദ് ഹുസൈൻഖാൻ പ്രസ്താവിച്ചു. ഉർദുവിൽ വായക്കാരുടെ എണ്ണം ചുരുങ്ങിവരികയാണ്. കാരണം, ഉർദു ഒരു ഔദ്യോഗിക ഭാഷയല്ല. (കാശ്മീരിൽ ഉർദു ഔദ്യോഗിക ഭാഷയാണ്; പക്ഷേ, അതുകൊണ്ടു വലിയ പ്രയോജനമില്ലായിരിക്കാം.) ജാമിയമില്ലിയ; അലീഗഢ് മുസ്ലിം യൂണിവേഴ്സിററി എന്നീ സ്ഥാപനങ്ങളിൽപോലും കോളേജ് തലത്തിൽ ഉർദു ഒരു വിദ്യാഭ്യാസ മാദ്ധ്യമവുമല്ല ഉർദു പഠിപ്പിക്കുന്ന സ്ഥലങ്ങളിൽത്തന്നെ, വേണ്ടവിധത്തിലല്ല അതിന്റെ അദ്ധ്യാപനം. ഇക്കാരണങ്ങളാൽ ഉർദുവിൽ പുതിയ സർഗപ്രതിഭകൾ വളർന്നുവരുന്നില്ല. ഫിലിമുകൾകൊണ്ടും മുശായിരകൾ (കവിസമ്മേളനങ്ങൾ)കൊണ്ടും മാത്രം ഒരു സാഹിത്യവും അഭിവൃദ്ധിപ്പെടുകയില്ലല്ലോ. ജനങ്ങൾ പ്രാദേശികഭാഷകളെ ഗൗരവത്തോടെ പരിഗണിക്കണമെങ്കിൽ, പ്രാദേശികഭാഷകൾ ഭരണതലത്തിലും വിദ്യാഭ്യാസതലത്തിലും അംഗീകരിക്കപ്പെട്ടിരിക്കണമെന്നാണ് ജാമിയാമില്ലിയയിലെ മുൻ വൈസ് ചാൻസലർ കൂടിയായ മി മസൂദ് ഹുസൈൻഖാന്റെ അഭിപ്രായം.

സർക്കാർ സമ്മാനം ഏർപ്പെടുത്തിയതുകൊണ്ടു മാത്രം സാഹിത്യം അഭിവൃദ്ധിപ്പെടുമെന്ന വിചാരം അദ്ദേഹത്തിനുമില്ല. ഗൗരവമുള്ള സാഹിത്യത്തിനു പ്രകാശകരെയും വായനക്കാരെയും എങ്ങനെ കണ്ടെത്താമെന്നതാണ് ഭാരതീയ ഭാഷാസാഹിത്യങ്ങളുടെ ഇന്നത്തെ മുഖ്യപ്രശ്നമെന്ന് മി. മസൂദ് ഹുസൈൻഖാൻ വിശ്വസിക്കുന്നു എന്നാലും, സമ്മാനങ്ങൾ കൊള്ളാം. വ്യക്തികളുടെ ഗുണോത്കർഷത്തെ അവ പുരഃപ്രക്ഷേപണം ചെയ്തുകാട്ടുന്നുണ്ടല്ലോ. അതിനാൽ, അക്കാദമി സമ്മാനം ലഭിച്ചതിൽ അദ്ദേഹത്തിനു സന്തോഷമേയുള്ളൂ.

മറാഠിയിൽ കവിതയെഴുതുന്ന ശ്രീമതി ഇന്ദിരാസന്തിന്റെ അഭിപ്രായങ്ങളും ഏറെക്കുറെ ഇതൊക്കെത്തന്നെ. മറാഠിയിലും നല്ല സാഹിത്യത്തിനു പ്രകാശകർ കുറവാണ്. ആനുകാലികങ്ങൾപോലും ഗൗരവമുള്ള സാഹിത്യത്തിൽ താല്പര്യം പ്രദർശിപ്പിക്കുന്നില്ല. കവിതയ്ക്കും സാഹിത്യവിമർശനത്തിനും പ്രാധാന്യം നൽകുന്ന ഒരൊററ മാസികപോലും മറാഠിയിലില്ലെന്ന് ശ്രീമതി ഇന്ദിര ചൂണ്ടിക്കാട്ടി.

മഹാരാഷ്ട്രഗവണ്മെൻറ് എഴുത്തുകാർക്ക് എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ? 'ഓ, ഉണ്ട്.' ശ്രീമതി ഇന്ദിര പറഞ്ഞു: 'ഒരെഴുത്തുകാരന്റെ ആദ്യകൃതി നല്ലതെന്നു തോന്നിയാൽ മഹാരാഷ്ട്രസർക്കാർ അയാൾക്കു സഹായമായി അഞ്ഞൂറു രൂപ കൊടുക്കും. മററുവിധത്തിൽ ഒരു സഹായവും സർക്കാർ എഴുത്തുകാർക്കു നൽകുന്നില്ല '

എഴുത്തുകൊണ്ടുമാത്രം ഒരാൾക്കു ജീവിക്കാനാവില്ലെന്ന സത്യമാണ് ജമ്മുവിലെ ഭാഷയായ ഡോഗ്രിയിൽ അക്കാദമി സമ്മാനം നേടിയ ശ്രീ ശിവറാം ദീപിനു ചൂണ്ടിക്കാട്ടാനുള്ളത്. കാരണം, ഡോഗ്രിയിൽ പുസ്തകങ്ങൾക്കു പ്രകാശകരും വായനക്കാരും നന്നേ കുറവാണ്.

സംസ്കൃതത്തിലോ? സംസ്കൃതത്തിൽ ഇത്തവണ അക്കാദമി സമ്മാനം നേടിയ നോവലിസ്റ്റ് ശ്രീ ശ്രീനാഥ് ഹാസുർകർ പറയുന്നത്, 'ഞങ്ങൾ എഴുതുന്നത് ഞങ്ങൾക്കുവേണ്ടി മാത്രമാണ്' എന്നത്രെ. 'ഞങ്ങൾ എഴുതിയതു് എവിടെയെങ്കിലും ആരെങ്കിലും വായിച്ചു എന്നറിയുന്നതു് ആഹ്ലാദകരമായ ഒരു അത്ഭുതമാണു ഞങ്ങൾക്ക്.' 'സിന്ധുകന്യ' എന്ന

സംസ്കൃതനോവലിന്റെ പേരിൽ ദേശീയ സമ്മാനം നൽകപ്പെട്ട ശ്രീ ഹാസൂർകർ പറഞ്ഞു. സ്വാന്തസ്സുഖം ലക്ഷ്യമാക്കി സാഹിത്യരചനയിലേർപ്പെട്ട അദ്ദേഹം, സാഹിത്യപോഷണത്തിന് അവാർഡുകൾ ഉപകരിക്കുമെന്നു വിശ്വസിക്കുന്നില്ലെങ്കിൽ അതു സ്വാഭാവികം മാത്രമല്ലേ?

(6 മാർച്ച്, 1985)

# 42. *സാംസ്കാരികപ്രതിസന്ധിയും സാഹിത്യകാരനും

'ഇന്ത്യയിലെ സമകാലികസാംസ്കാരികപ്രതിസന്ധി' എന്നതുകൊണ്ടു യഥാർത്ഥത്തിൽ നാം വിവക്ഷിക്കുന്നതു വ്യത്യസ്തങ്ങളായ രണ്ടു പ്രതിഭാസങ്ങളെയാണ്. പാരമ്പര്യാധിഷ്ഠിതങ്ങളെന്നോ മതാധിഷ്ഠിതങ്ങളെന്നോ വിളിക്കപ്പെടുന്ന ചില മൂല്യങ്ങൾക്ക് സ്വാതന്ത്ര്യഭാരതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന ത്വരിതമായ അപചയമാണ് ഇവയിലൊന്ന്. മറ്റേതു്, ആധുനികങ്ങളെന്നോ വിജ്ഞാനാധിഷ്ഠിതങ്ങൾ (സയൻറിഫിക്) എന്നോ വിളിക്കപ്പെടുന്ന ചില മൂല്യങ്ങൾ നമ്മുടെ സമൂഹത്തിൽ വേരുപിടിക്കുന്നതിന് എടുക്കുന്ന കാലതാമസവും. 'പ്രതിസന്ധി' എന്ന ഒരേ പേരിൽ പരസ്പരം കൂട്ടിക്കലർത്താതെ, ഈ രണ്ടു പ്രതിഭാസങ്ങളെയും വേർതിരിച്ചു കാണുന്നതു പ്രയോജനകരമായിരിക്കും. കാരണം, പാരമ്പര്യാധിഷ്ഠിതമൂല്യങ്ങളുടെ അപചയം നമ്മുടെ ഇച്ഛാപൂർവമായ തെരഞ്ഞെടുപ്പിന്റെ ഫലമാണ്. അതിനാൽ, ഈ അപചയത്തെ തടയുകയല്ല, പൂർണമാക്കുകയാണു യുക്തിസംഗതമായ കൃത്യം. വിജ്ഞാനാധിഷ്ഠിതമൂല്യങ്ങൾ വേരുപിടിക്കുന്നതിൽ വരുന്ന താമസമാകട്ടെ നമ്മുടെ അശക്തികൊണ്ടും ഉപേക്ഷകൊണ്ടും സംഭവിക്കുന്നതാകുന്നു. കൂടുതൽ ശക്തി സംഭരിച്ചും, കൂടുതൽ നിഷ്കർഷിച്ചും, കൂടുതൽ ഊർജിതമായി പ്രവർത്തിച്ചും ഈ കാലതാമസം കുറയ്ക്കുകയാണ് 'സാംസ്കാരികപ്രതിസന്ധി' ഒഴിവാക്കാനല്ലെങ്കിൽ അതിന്റെ തീക്ഷ്ണത സഹ്യമാക്കുകയെങ്കിലും ചെയ്യുന്നതിനു നാം അനുഷ്ഠിക്കേണ്ടതു്.

പാരമ്പര്യാധിഷ്ഠിതങ്ങളായ പല മൂല്യങ്ങളും തള്ളിക്കളയുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. ഇന്ത്യൻ സമൂഹത്തിന്റെ ഒരു പാരമ്പര്യമൂല്യമായിരുന്നു സ്ഥിരത (stability) അഥവാ പരിണാമ വിമുഖത. ശ്രേണി (ഹയറാർക്കി) രൂപത്തിൽ സംഘടിപ്പിക്കപ്പെട്ട ഇന്ത്യൻ (ഹിന്ദു) സമൂഹത്തിൽ, നിശ്ചിതമായ പദവിയും (സ്റ്റാററസ്) ഭൂമികയും (റോൾ) ഓരോ ചെറുഗ്രൂപ്പിനും ഓരോ ഗ്രൂപ്പിലെയും ഓരോ വ്യക്തിക്കും ഉണ്ടായിരുന്നു. ആയിരത്താണ്ടുകളോളം നീണ്ടുനിന്ന ഇസ്ലാമികവാഴ്ചയോ രണ്ടര നൂററാണ്ടുകളോളം നീണ്ടുനിന്ന പാശ്ചാത്യ (ക്രിസ്ത്യൻ) വാഴ്ചയോ, ഇന്ത്യൻ സമൂഹത്തിന്റെ ശ്രേണീബദ്ധരൂപത്തിൽ വലിയ മാററമൊന്നും വരുത്തുകയുണ്ടായില്ല. സമൂഹത്തിൽ ഗ്രൂപ്പുകളുടെ പ്രതീക്ഷിതഭൂമിക സ്ഥിരമായിരുന്നതിനാൽ വ്യക്തികളുടെ ജീവിതലക്ഷ്യങ്ങളും ഏറെക്കുറെ നിർണീതങ്ങളായിരുന്നു. ഭാരതീയസമൂഹത്തിന്റെ സവിശേഷതയായി കൊണ്ടാടപ്പെട്ടിരുന്ന ആദ്ധ്യാത്മികത, ആർജവം, അനുകമ്പ, ഔദാര്യം, തിതിക്ഷ,

* കേരള സാഹിത്യഅക്കാദമിയുടെ 26—ാമത്തു വാർഷികാഘോഷത്തോടനുബന്ധിച്ചു നടത്തിയ ചർച്ചാസമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധം.